# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 6333 — 20.11.2019-ൽ മറുപടിയ്ക്ക്

**കൈവല്യ വായ്പാ പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | | ടി. പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി സബ്സിഡിയോടു കൂടി നടപ്പിലാക്കുന്ന കൈവല്യ വായ്പാ പദ്ധതി പ്രകാരം എത്ര പേർക്കാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവല്യ പദ്ധതി പ്രകാരം 985 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽനിന്നും എത്ര അർഹമായ അപേക്ഷകളാണ് ഇപ്രകാരം ലഭിച്ചിട്ടുള്ളത്: ഇതിൽ എത്ര പേർക്കാണ് വായ്പ അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈവല്യ വായ്പ പദ്ധതി പ്രകാരം ഇടുക്കി ജില്ലയിൽ 420 അർഹമായ അപേക്ഷകൾ ലഭിക്കുകയും അതിൽ 45 പേർക്ക് വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) 2018-19 സാമ്പത്തിക വർഷം ഇടുക്കിയിൽ എത്ര അപേക്ഷകർക്കാണ് വായ്പ നൽകിയിട്ടുള്ളത്; പദ്ധതി കൂടുതൽ പേർക്ക് ലഭ്യമാകത്തക്ക വിധം നടപടി ക്രമങ്ങൾ ലളിതമാക്കുമോ; വ്യക്തമാക്കുമോ? | (സി) | 2018-19 സാമ്പത്തിക വർഷം ഇടുക്കി ജില്ലയിൽ 10 അപേക്ഷകൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് കൂടുതൽ പേർക്ക് വായ്പ നൽകാൻ സാധിക്കാത്തത്. നിലവിലെ നടപടി ക്രമങ്ങൾ ലളിതമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ